ഹഡ്കോയുടെ സഹായത്തോടെ ഭവന നിർമ്മാണ പദ്ധതി

14 (3414)ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിയൊന്നിനും അമ്പത്തിയഞ്ചിനും മധ്യേ പ്രായമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നവരും സർക്കാർ, ബാങ്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമായവർക്ക് ഭവന നിർമ്മാണത്തിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പട്ടികജാതി-പട്ടികവർഗ്ഗവികസന കോർപ്പറേഷൻ ഹഡ്കോയുടെ സാഹായത്തോടെ ആവിഷ്ക്കരിച്ച പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല.

(സി) ആന്റ് (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മണ്ണപ്പം ചുട്ടുതിന്നുന്ന ആദിവാസികൾ

15 (3414) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും വിശപ്പടക്കുവാൻ ആദിവാസികൾ മണ്ണപ്പം ചുട്ടുതിന്നുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) കണ്ണൂർ ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ ആദിവാസികൾ ഇപ്രകാരം ചെയ്യുന്നുണ്ടോ;

(ഡി) ഇതേപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) അവർക്ക് വിശപ്പടക്കുവാൻ ആധുനിക മനുഷ്യൻ ഭക്ഷിക്കുന്ന ഭക്ഷണം എത്തിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കളക്ടറുടെ അന്വേഷണം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പ്രാദേശികമായി അന്വേഷണം നടത്തിയിട്ടുമുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly